*പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറിവിഭാഗം,*
*ഹൗസിങ്ബോർഡ്ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

**നംബർ.ICT Cell/1771/1/DGE-HSS/2021** **05/10/2021**

# സർക്കുലർ

**വിഷയം:രണ്ടാം അലോട്ട്മെൻറ് അഡ്മിഷൻ, കമ്മ്യൂണിറ്റി ക്വാട്ട / മാനേജ്മെൻറ് ക്വാട്ട / അൺ എയിഡഡ്ക്വാട്ട പ്രവേശനം:പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന :1.) ഇതേ നമ്പറിൽ 20/09/2021 ലെ സർക്കുലർ.**

**2.) 20/09/2021 ലെ നം ICT Cell/1771/3/DGE-HSE/2021 സർക്കുലർ.**

**3.) ഇതേ നമ്പറിൽ 24/09/2021 ലെ സർക്കുലർ.**

കോവിഡ്-19മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 അധ്യയനവർഷത്തെ ഹയർ സെക്കൻണ്ടറി പ്രവേശനത്തെ സംബന്ധിച്ചുള്ള വിശദനിർദ്ദേശങ്ങൾ സൂചന സർക്കുലറിലൂടെ പ്രിൻസിപ്പൽമാർക്ക് നല്കിയിട്ടുള്ളതാണ്. കർശന ആരോഗ്യസുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം പ്രവേശനം നടപ്പിലാക്കേണ്ടത്.

രണ്ടാം അലോട്ട്മെൻറ്പ്രകാരമുള്ള പ്രവേശനത്തോടൊപ്പം സ്പോർട്സ് രണ്ടാം അലോട്ട്മെൻറ്പ്രവേശനവും, സ്കൂൾതലത്തിൽ കമ്മ്യൂണിറ്റി ക്വാട്ട / മാനേജ്മെൻറ് ക്വാട്ട / അൺ എയിഡഡ് ക്വാട്ടപ്രവേശനങ്ങളും 2021 ഒക്ടോബർ 7 രാവിലെ 10 മണിമുതൽ 2021 ഒക്ടോബർ 21 നു വൈകിട്ട് 5.15 മണിവരെയുള്ള നിർദ്ദിഷ്ഠ സമയക്രമമനുസരിച്ചായിരിക്കണം(അലോട്ട്മെൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തിയുട്ടുള്ളതു പോലെ) നടത്തേണ്ടത്.

മുഖ്യ ഘട്ടത്തിലെ രണ്ടാമത്തേതും അവസാനത്തേതുമായ അലോട്ട്മെൻറുകളാണ് മെറിറ്റ് ക്വാട്ടയിലും സ്പോർട്സ് ക്വാട്ടയിലും പ്രസിദ്ധീകരിച്ചിട്ടുള്ളത്. താൽക്കാലിക പ്രവേശനത്തിനുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട്തന്നെ അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഫീസടച്ച് സ്ഥിരപ്രവേശനം നേടണം.

മെരിറ്റ് ക്വാട്ട / സ്പോർട്സ് ക്വാട്ടയിൽ പുതിയതായോ ഹയർ ഓപ്ഷനിലോ അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ അലോട്ട്മെൻറ്ലെറ്റർ അഡ്മിൻയൂസറിലെ**"Print Allotment Letter"**എന്ന മെനുവിലൂടെ പ്രിൻറ് എടുത്ത് പ്രവേശനസമയത്ത് നൽകേണ്ടതാണ്. അലോട്ട്മെൻറ്ലെറ്ററിലെ വിവരങ്ങൾ അസൽ രേഖകളുമായി ഒത്തു നോക്കിസാധുത ഉറപ്പാക്കിവേണം പ്രവേശനം നൽകേണ്ടത്.

**മെരിറ്റ് ക്വാട്ട / സ്പോർട്സ് ക്വാട്ട / കമ്മ്യൂണിറ്റി ക്വാട്ടപ്രവേശനം ഒരേ കാലയളവിൽ നടക്കുന്നതിനാൽ ഒന്നിൽ കൂടുതൽ അലോട്ട്മെൻറുകളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ പ്രവേശനത്തിനു ഹാജരാകുമ്പോൾ ഉചിതമായ സ്കൂൾ / കോഴ്സിൽ പ്രവേശനം നേടാൻ നിർദ്ദേശം നൽകേണ്ടതാണ്. ഒരു ക്വാട്ടയിൽ പ്രവേശനം നേടിയശേഷം മറ്റൊരു ക്വാട്ടയിലേക്ക് പ്രവേശനം മാറുവാൻ സാധിക്കുന്നതല്ല.**

മെരിറ്റ് ക്വാട്ട / സ്പോർട്സ് ക്വാട്ട എന്നിവയിൽ അലോട്ട്മെൻറ് ലഭിച്ചവർക്ക് അവർ പ്രവേശനം നേടേണ്ട സമയവും ദിവസവും അനുവദിച്ച് നൽകിയിട്ടുണ്ട്. അലോട്ട്മെൻറ്ലെറ്ററിലെ സമയ ക്രമമനുസരിച്ച് വേണം പ്രവേശനം നടപ്പിലാക്കേണ്ടത്. ഒഴിച്ചു കൂടാൻപറ്റാത്ത സാഹചര്യത്തിൽ ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് നിർദ്ദിഷ്ഠസമയത്ത് പ്രവേശനം നേടാൻ കഴിയില്ലെങ്കിൽ ആയത് മുൻകൂട്ടി സ്കൂൾ പ്രിൻസിപ്പാളിനെ അറിയിച്ച് പ്രവേശനത്തിനായി മറ്റൊരു സമയം തേടി പ്രവേശനപരിധിയുടെ അവസാന ദിവസത്തിനു മുൻപായി പ്രവേശനം നേടേണ്ടതാണ്.

കോവിഡ്-19മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്രിട്ടിക്കൽ / കണ്ടയിൻമെൻറ് സോണിലുള്ളവർ, കോവിഡ്നിരീക്ഷണത്തിൽ കഴിയുന്നവർ എന്നിവർക്ക് പ്ലസ്വൺ പ്രവേശനം നേടുന്നതിന് അവസാന തീയതിയ്ക്ക് മുൻപായി നേരിട്ട് സ്കൂളിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ ഓൺലൈനായി പ്രവേശനം നേടുന്നതിനുള്ള സൗകര്യം 2021 ഒക്ടോബർ 12 മുതൽ ഒക്ടോബർ 21 നു വൈകിട്ട് 4 മണിവരെ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ സ്കൂളിൽ ഹാജരായി പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് കാൻഡിഡേറ്റ്ലോഗിനിലെ **"Online Joining"** എന്ന ലിങ്കിലൂടെ പ്രവേശനത്തിനു ഹാജരാക്കേണ്ടുന്ന സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്തപകർപ്പുകൾ (ഓരൊ സർട്ടിഫിക്കറ്റും 100kb യിൽതാഴെ ഫയൽ വലിപ്പമുള്ള **PDF** ഫൊർമാറ്റിലുള്ള സ്കാൻഡ് ഫയൽ ആയി) അപ്ലോഡ് ചെയ്ത് സ്കൂളിലേക്ക ്ഫോർവേർഡ് ചെയ്യേണ്ടതാണ്. സ്കൂൾ പ്രിൻസിപ്പാൾ അഡ്മിൻലോഗിനിലെ **Verify Online Admission** എന്ന ലിങ്കിലൂടെ വിദ്യാർത്ഥികൾ അപ്ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ സാധുത ഉറപ്പാക്കിപ്രവേശനത്തിന് അനുമതി / നിരാകരിക്കൽ അതത് ദിവസം അല്ലെങ്കിൽ 2021 ഒക്ടോബർ 21 ന് വൈകിട്ട് 4 മണിക്കുള്ളിൽ നല്കുന്നതാണ്. സ്ഥിരപ്രവേശനത്തിന് അനുമതി ലഭിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി ഫീസടച്ച് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

പ്രവേശന വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ലിങ്കുകൾ **HITC** യൂസറിലാണ് ലഭ്യമാകുന്നത്. **HITC** യാണ് അഡ്മിഷൻവിവരങ്ങൾ ഓൺലൈനായി അപ്ഡേറ്റ് ചെയ്യേണ്ടത്.പ്രിൻസിപ്പൽ രേഖാമൂലം നൽകുന്ന പ്രവേശനവിവരങ്ങൾ**HITC** കൃത്യതയോടെ അതത് ദിവസം തന്നെരേഖപ്പെടുത്തണം.

പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ നോൺ ജോയിനിങ്ങ് വിവരങ്ങൾ പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സമയ പരിധിയുടെ അവസാന ദിവസമാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനം നിരസിക്കുന്ന വിദ്യാർത്ഥികളെ **DENIAL** ആയിരേഖപ്പെടുത്തി നിരസിക്കാനുള്ള കാരണം രേഖപ്പെടുത്തണം.

മുഖ്യ ഘട്ട അലോട്ട്മെൻറ്കൾക്ക്ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷ ക്ഷണിക്കുന്നതാണ്. മുഖ്യ ഘട്ടത്തിൽ അപേക്ഷ നൽകാൻ കഴിയാതിരുന്ന എല്ലാ വിദ്യാർത്ഥികൾക്കും, അപേക്ഷ നൽകിയിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് വീണ്ടും അലോട്ട്മെൻറിനു പരിഗണിക്കുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കുന്നതിനും ഈ അവസരത്തിൽ സാധിക്കുന്നതാണ്.സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള വേക്കൻസിയും നോട്ടിഫിക്കേഷനും 2021 ഒക്ടോബർ 26 ന് പ്രസിദ്ധീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ